**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **25-10-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടംകുഴി, ഉദുമ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ 3 കോടി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിന്റെ ഭാഗമായുള്ള കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യവികസനത്തിന് തെരഞ്ഞെടുത്ത ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്.ഉദുമ എന്നിവയ്ക്ക് ഭരണാനുമതി നൽകി എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയാണ് സാമ്പത്തികാനുമതി നൽകുന്നത്. ജി.എച്ച്.എസ്.എസ്.ഉദുമയുടെ ഡിപിആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത ഡിപിആർ പുനപരിശോധിക്കുന്നതിന് കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എച്ച്. എസ്.എസ്.കുണ്ടംകുഴി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി വരുന്നു. |
| (ബി) | ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കൾ (എസ്.പി.വി.) ആയ കിലയ്ക്ക് പകരം ഇൻകെല്ലിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | ഡി.പി.ആർ. തയ്യാറാക്കാനുള്ള ഉത്തരവ് നൽകി വർഷങ്ങളായിട്ടും പ്രവൃത്തികൾ നടപ്പിലാക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എസ്.പി.വികളുടെ പ്രതിനിധികളേയും, കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിനായി |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ